**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 668** **10-02-2025 - ൽ മറുപടിയ്ക്ക്**

**വൈദ്യുത ബില്ല്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പി. എ. മജീദ് | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | ജനങ്ങൾക്ക് നൽകുന്ന വൈദ്യുത ബില്ലിൽ ഏതെല്ലാം ഘടകങ്ങളുടെ തുകകളാണ് ഉൾപ്പെടുന്നതെന്ന് വിശദമാക്കാമോ; | (എ) | ഉപഭോക്താക്കൾക്ക് നൽകുന്ന ബില്ലുകളിൽ താഴെപ്പറയുന്ന ഘടകങ്ങളുടെ തുകയാണ് ഉൾപ്പെട്ടിരിക്കുന്നത്.<br><br>1.എനർജി ചാർജ്ജ്<br><br>2. ഫിക്സഡ് ചാർജ്ജ്<br><br>3. ഇലക്ട്രിസിറ്റി ഡ്യൂട്ടി<br><br>4. മീറ്റർ വാടക<br><br>5. ഫ്യൂവൽ സർചാർജ്ജ്<br><br>6. Auto recovery fuel surcharge<br><br>7. Late payment surcharge (യഥാസമയം ബിൽ തുക അടക്കാതിരുന്നാൽ )<br><br>8. റീ കണക്ഷൻ ചാർജ്ജ്<br><br>9. പവർ ഫാക്ടർ ഇൻസെന്റീവ്/പെനാൽറ്റി<br><br>ഇലക്ട്രിസിറ്റി ആക്ട് -2003-ലെ സെക്ഷൻ 45 (3) (a) വിതരണ ലൈസൻസി നൽകുന്ന വൈദ്യുതിക്ക്, യഥാർത്ഥ വൈദ്യുതി ഉപയോഗത്തിനുള്ള ചാർജ്ജിനു പുറമേ (energy charge) ഫിക്സഡ് ചാർജ്ജ് കൂടി ഈടാക്കുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. 45 (3) (b) പ്രകാരം ലൈസൻസി നൽകുന്ന മീറ്ററിന് വാടക ഈടാക്കാമെന്ന് വ്യവസ്ഥ ചെയ്യുന്നു. 1963 -ലെ കേരള ഇലക്ട്രിസിറ്റി ഡ്യൂട്ടി ആക്ട് വ്യവസ്ഥകൾ പ്രകാരമാണ് ഇലക്ട്രിസിറ്റി ഡ്യൂട്ടി ഈടാക്കുന്നത്. Fuel surcharge, Auto Recovery fuel surcharge, late payment surcharge എന്നിവ കേരള സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷന്റെ ഉത്തരവിന് വിധേയമായാണ് ഈടാക്കുന്നത്. |

| | | | |
|---|---|---|---|
| (ബി) | വൈദ്യുത ബില്ലിൽ ഉൾപ്പെടുന്ന ഫിക്സഡ് ചാർജ് ഉപഭോക്താക്കൾക്ക് ഉപകാരപ്രദമാകുന്ന രൂപത്തിൽ ഉപയോഗപ്പെടുത്തുന്നുണ്ടോ; വിശദമാക്കാമോ; | (ബി) | കേരള സംസ്ഥാന ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് പുറമേ നിന്ന് വൈദ്യുതി വാങ്ങുമ്പോൾ വേരിയബിൾ ചാർജിനു പുറമെ ഫിക്സഡ് കോസ്റ്റും കൂടി നൽകേണ്ടതായിട്ടുണ്ട് . കൂടാതെ ഉൽപ്പാദന-പ്രസരണ-വിതരണ മേഖലകളിലെ പ്ലാന്റുകൾ, ട്രാൻസ്ഫോമറുകൾ, ലൈനുകൾ എന്നിവ നിർമ്മിക്കുന്നതിനും, പരിപാലിക്കുന്നതിനും ഫിക്സഡ് ചാർജ്ജിൽ ലഭ്യമാകുന്ന തുക ഉപയോഗിക്കുന്നു. ഈ തുകകളെല്ലാം തന്നെ റെഗുലേറ്ററി കമ്മീഷന്റെ ഉത്തരവുകൾക്കും നിയന്ത്രണങ്ങൾക്കും വിധേയമായാണ് ചിലവാക്കുന്നത്. |
| (സി) | പൊതുജനങ്ങൾ പണം നൽകി സ്ഥാപിക്കുന്ന വൈദ്യുത മീറ്ററിന്, മീറ്റർ വാടക എന്ന രൂപത്തിൽ വൈദ്യുത ബില്ലിൽ നിശ്ചിത തുക ഉൾപ്പെടുത്തുന്നതിനുള്ള കാരണം വിശദമാക്കാമോ; | (സി) | സർവീസ് കണക്ഷൻ എടുക്കുന്ന സമയത്ത് ഉപഭോക്താക്കളിൽ നിന്ന് മീറ്ററിന്റെ വില ഈടാക്കുന്നില്ല. എന്നാൽ ടി ഇനത്തിൽ കേരള സംസ്ഥാന ഇലക്ട്രിസിറ്റി ബോർഡ് -ന് ചെലവായ തുക, മീറ്റർ വാടകയുടെ അടിസ്ഥാനത്തിൽ ഈടാക്കുന്നതിന് വൈദ്യുതി നിയമം വ്യവസ്ഥ ചെയ്യുന്നുണ്ട്. മീറ്ററിന്റെ വില, ഉപയോഗ ക്ഷമമായ കാലാവധി എന്നിവയുടെ അടിസ്ഥാനത്തിൽ സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ നിശ്ചയിച്ച് ഉത്തരവാകുന്ന തുകയാണ് മീറ്റർ വാടകയായി ഈടാക്കി വരുന്നത്. എന്നാൽ ഉപഭോക്താക്കൾ സ്വന്തം നിലയിൽ മീറ്റർ വാങ്ങി വയ്ക്കുകയാണെങ്കിൽ മീറ്റർ വാടക ഈടാക്കുന്നതല്ല. |
| (ഡി) | വൈദ്യുത ബില്ലിൽ ഉൾപ്പെടുന്ന മീറ്റർ വാടക, ഫിക്സഡ് ചാർജ്, എനർജി ചാർജ്, ഫ്യൂവൽ ചാർജ് തുടങ്ങിയവ ഈടാക്കുന്നതിലെ മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ; ഇവ ഓരോന്നും ഇനം തിരിച്ച് വിശദമാക്കുമോ? | (ഡി) | വിവിധ ചാർജ്ജുകൾ ഈടാക്കുന്നതിന്റെ മാനദണ്ഡം താഴെ വിവരിച്ചിരിക്കുന്നു.<br><br>**1. <u>മീറ്റർ വാടക :</u>**<br><br>സർവീസ് കണക്ഷൻ എടുക്കുന്ന സമയത്ത് ഉപഭോക്താക്കളിൽ നിന്ന് മീറ്ററിന്റെ വില ഈടാക്കുന്നില്ല. എന്നാൽ ടി ഇനത്തിൽ കേരള സംസ്ഥാന വൈദ്യുതി ബോർഡ് -ന് ചെലവായ തുക മീറ്റർ വാടകയുടെ അടിസ്ഥാനത്തിൽ ഈടാക്കുന്നതിന് വൈദ്യുതി നിയമം വ്യവസ്ഥ ചെയ്യുന്നുണ്ട്. മീറ്ററിന്റെ വില, ഉപയോഗ ക്ഷമമായ കാലാവധി എന്നിവയുടെ അടിസ്ഥാനത്തിൽ സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ നിശ്ചയിക്കുന്നതും, താരിഫ് ഉത്തരവിലൂടെ പ്രതിപാദിക്കുന്നതുമായ തുകയാണ് മീറ്റർ വാടകയായി ഈടാക്കി വരുന്നത്. എന്നാൽ ഉപഭോക്താക്കൾ സ്വന്തം നിലയിൽ മീറ്റർ വാങ്ങി വയ്ക്കുകയാണെങ്കിൽ മീറ്റർ വാടക ഈടാക്കുന്നതല്ല.<br><br>**2. <u>ഫിക്സഡ് ചാർജ്</u>:** |

വിതരണ കമ്പനിയുടെ പ്രധാനപ്പെട്ട ചിലവിനങ്ങൾ ആയ ഉൽപാദന പ്രസരണ വിഭാഗത്തിലെ ചിലവുകൾ, വൈദ്യുതി വാങ്ങൽ വിലയിലെ ഫിക്സഡ് കോസ്റ്റ്, ഓപ്പറേഷൻ ആൻഡ് മെയിന്റനൻസ് ചെലവുകൾ, പലിശ ചിലവുകൾ, ലാഭവിഹിതം, [return of equity-ROE] മാസ്റ്റർ ട്രസ്റ്റിലേക്കുള്ള വിഹിതം എന്നിവയുടെ ഒരു ഭാഗം ഈടാക്കുന്നതിനു വേണ്ടിയാണ് കണക്ടഡ് ലോഡിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ പുറത്തിറക്കിയിട്ടുള്ള താരിഫ് ഉത്തരവ് പ്രകാരം ഫിക്സഡ് ചാർജ്ജ് അല്ലെങ്കിൽ അവരുടെ വൈദ്യുതി ആവശ്യകതയുടെ (Demand) അടിസ്ഥാനത്തിൽ ഡിമാൻഡ് ചാർജ്ജ് ഈടാക്കി വരുന്നത്.

**3. <u>എനർജി ചാർജ്:</u>**

സംസ്ഥാനത്തെ വൈദ്യുതി ഉപഭോഗത്തിന്റെ 30% മാത്രമേ ആഭ്യന്തരമായി ഉത്പാദിപ്പിക്കുന്നുള്ളൂ. ബാക്കിയുള്ള 70 ശതമാനവും സംസ്ഥാനത്തിന് പുറമേയുള്ള സ്രോതസ്സുകളിൽ നിന്ന് ലഭ്യമാക്കുകയാണ്. ഇപ്രകാരം ആഭ്യന്തരമായി ഉത്പാദിപ്പിക്കുന്ന വൈദ്യുതിയുടെയും, പുറമെ നിന്നു വാങ്ങുന്ന വൈദ്യുതിയുടെയും വേരിയബിൾ ചാർജ്ജ് ഈടാക്കുന്നതിനു വേണ്ടിയാണ് ഉപഭോക്താക്കളുടെ ഉപഭോഗത്തിന് (consumption) അനുസൃതമായി സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ പുറത്തിറക്കിയിട്ടുള്ള താരിഫ് ഉത്തരവ് പ്രകാരം എനർജി ചാർജ്ജ് ഈടാക്കുന്നത്.

## <u>Auto Recovery fuel surcharge</u>

സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ പുറത്തിറക്കിയ താരിഫ് നിർണ്ണയ ചട്ടത്തിൽ (2021) ഇന്ധന വിലയിൽ ഉണ്ടാകുന്ന വ്യതിയാനങ്ങൾ കാരണം വൈദ്യുതി വാങ്ങൽ വിലയിലുണ്ടാകുന്ന (power purchase cost) ഏറ്റക്കുറച്ചിലുകൾ, ഇന്ധന സർചാർജ്ജിലൂടെ ഈടാക്കുവാൻ വ്യവസ്ഥ ചെയ്തിട്ടുണ്ട് . മൂന്നു മാസത്തിൽ ഒരിക്കലാണ് അധിക ബാധ്യത കണക്കാക്കി, കെ.എസ്.ഇ.ബി.എൽ സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ മുമ്പാകെ പെറ്റീഷൻ സമർപ്പിച്ചിരുന്നത്. കമ്മീഷൻ പൊതു തെളിവെടുപ്പ് നടത്തി അംഗീകരിച്ചിരുന്ന ഇന്ധന സർചാർജ്ജ് ഈടാക്കുന്നതായിരുന്നു 2022 - 23 മാർച്ച് വരെ നിലനിന്നിരുന്നത്.

2023 മെയ് മാസം സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ പ്രസ്തുത ചട്ടം ഭേദഗതി ചെയ്യുകയും ഏപ്രിൽ

| | | | |
|---|---|---|---|
| | | | 2023 മുതലുള്ള ഇന്ധന സർചാർജ്ജ് പ്രതിമാസം കണക്കാക്കി ഉപഭോക്താക്കളിൽ നിന്ന് 2023 ജൂൺ മുതൽ പ്രതിമാസം 10 പൈസ വരെ സ്വയമേവ ഈടാക്കുവാൻ കേരള സംസ്ഥാന വൈദ്യുതി ബോർഡ് - നെ അനുവദിച്ചുകൊണ്ടുള്ള വ്യവസ്ഥ ഉൾക്കൊള്ളിക്കുകയും ചെയ്തിട്ടുണ്ട്.<br><br>2023 ഏപ്രിൽ മുതൽ power purchase cost-നുള്ള ഇന്ധന സർചാർജ്ജ് പരമാവധി 10 പൈസയായി നിജപ്പെടുത്തി ജൂൺ 2023 മുതൽ ഈടാക്കി വരുന്നു. ഇതാണ് Auto Recovery fuel surcharge എന്ന് ബില്ലിൽ കാണിച്ചിട്ടുള്ളത്.<br><br>**<u>ഫ്യൂവൽ സർചാർജ്</u>:**<br><br>സ്വമേധയാ പിരിക്കുന്ന 10 പൈസ പ്രതി യൂണിറ്റിന് പുറമേ വരുന്ന അധിക ഫ്യൂവൽ സർചാർജ്ജ് തുക ഈടാക്കുന്നതിനുള്ള പെറ്റീഷൻ ആറുമാസത്തിനുള്ളിൽ കമ്മീഷൻ മുമ്പാകെ സമർപ്പിച്ച് കേരള സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷന്റെ അംഗീകാരത്തോടെ കമ്മീഷൻ നിഷ്കർഷിക്കുന്ന നിരക്കിൽ കമ്മീഷൻ അനുവദിക്കുന്ന കാലയളവിലേക്ക് പിരിക്കാനും 2021-ലെ താരിഫ് നിർണയ ഭേദഗതി ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്യുന്നുണ്ട്. ഇപ്രകാരം ഉത്തരവാകുന്ന തുകയാണ് ഫ്യൂവൽ സർചാർജ്ജായി ബില്ലിൽ രേഖപ്പെടുത്തിയിരിക്കുന്നത്. ഇത് പ്രകാരം 2024 ജൂലൈ ഒന്നു മുതൽ 2025 ജനുവരി 31 വരെ യൂണിറ്റൊന്നിന് 9 പൈസ നിരക്കിൽ ഫ്യൂവൽ സർചാർജ്ജ് ഈടാക്കി വന്നിരുന്നു. |

സെക്ഷൻ ഓഫീസർ